# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2873

20.07.2011-ൽ മറുപടിക്ക്.

## ചീമേനിയിൽ പവർ പ്രോജക്ട്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എളമരം കരീം : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) ചീമേനിയിൽ സ്ഥാപിക്കാൻ തീരുമാനിച്ചിരുന്ന പവർ പ്രോജക്ട് പ്രകൃതി വാതകം ഉപയോഗിച്ചുകൊണ്ടാവണമെന്ന് മന്ത്രിസഭായോഗം തീരുമാനിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പദ്ധതി സ്ഥാപിക്കാൻ കെ.എസ്.ഇ.ബി, കെ.എസ്.ഐ.ഡി.സി എന്നീ സ്ഥാപനങ്ങൾ ചേർന്ന് ഒരു എസ്.പി.വി രൂപീകരിച്ചിട്ടുണ്ടോ ; | (ബി) എസ്.പി.വി രൂപീകരിക്കാനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. |
| (സി) മേൽപ്പറഞ്ഞ എസ്.പി.വി നിർദ്ദിഷ്ട പദ്ധതിയുടെ കാര്യത്തിൽ ഇതിനകം എന്തെല്ലാം കാര്യങ്ങൾ ചെയ്തു എന്ന് വ്യക്തമാക്കുമോ ; | (സി) താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്തു.<br>1) 1200 മെഗാവാട്ട് ശേഷിയുള്ള വാതകാധിഷ്ഠിത പദ്ധതിയ്ക്ക് വേണ്ടിയുള്ള ഡീറ്റയിൽഡ് പ്രോജക്ട് (DPR) തയ്യാറാക്കി.<br>2) പദ്ധതിക്കായി പ്രകൃതി വാതകം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിന് അപേക്ഷ കൊടുത്തു.<br>3) അധികമായി വരുന്ന പ്രകൃതി വാതകം ലഭ്യമാക്കുന്നതിനായി ഗെയിൽ (ഇന്ത്യ)-യുമായി ചർച്ച നടത്തി.<br>4) കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിൽ നിന്ന് പരിസ്ഥിതി പഠനത്തിനായുള്ള രൂപരേഖ (TOR) നേടി. അതേ തുടർന്ന് പരിസ്ഥിതി പഠനങ്ങൾ നടത്തുകയും, പൊതുജനങ്ങളിൽ നിന്ന് തെളിവെടുപ്പ് നടത്തുകയും ചെയ്തു. |

(തുടർച്ച.....2)

5) ഭൂമിയുടെ സ്ഥല വർണ്ണന, വ്യാപ്തി നിർണ്ണയം, പ്രദേശത്തെ നീരൊഴുക്ക്, കടൽ ജലം ഉപയോഗിക്കുന്നതിനെ കുറിച്ചുള്ള പഠനങ്ങൾ എന്നിവ നടത്തി.

6) കേന്ദ്ര സർക്കാരിൽ നിന്ന് ''മെഗാ പ്രോജക്ട് സ്റ്റാറ്റസ്'' കിട്ടുന്നതിന് അപേക്ഷ നൽകി.

7) കേന്ദ്ര സർക്കാരിന്റെ മാർഗനിർദ്ദേശ രേഖകൾ ആധാരമാക്കിയുള്ള കരട് ടെണ്ടർ തയ്യാറാക്കിയിട്ടുണ്ട്.

| | |
|---|---|
| (ഡി) വ്യവസായ വകുപ്പും ഊർജ്ജ വകുപ്പും സംയുക്തമായി നടപ്പാക്കാൻ ആലോചിച്ച പ്രസ്തുത പദ്ധതി ഉപേക്ഷിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ ? | (ഡി) ഇല്ല. |

സെക്ഷൻ ഓഫീസർ